(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 117 ഒഴിവുകൾ

(ബി-സി) ബിരുദധാരികളായ അസിസ്റ്റന്റ് എൻജിനീയർമാർക്ക് പ്രൊമോഷൻ നൽകുമ്പോഴുണ്ടാകുന്ന ഒഴിവുകൾ നിയമപ്രകാരം പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്.

56 (965) കെ.ഡബ്ല്യു.എ.യിൽ ജോലി നോക്കിയിരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

ശ്രീ. ഉമ്മൻചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഡബ്ല്യു.എ.യിൽ ജോലി നോക്കിയിരുന്ന താൽക്കാലിക ജീവനക്കാരെ 19-9-1990-ലെ സുപ്രീംകോടതിവിധി അനുസരിച്ച് സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേരെ; എന്ത് മാനദണ്ഡപ്രകാരം സ്ഥിരപ്പെടുത്തി എന്ന് വ്യക്തമാക്കാമോ;

(സി) വിധി വന്ന അവസരത്തിൽ സർവ്വീസിൽ ഉള്ളവരും പക്ഷേ കോടതി വിധിയുടെ പരിധിയിൽ വരാത്തവരുമായവരെ കൂടി സ്ഥിരപ്പെടുത്തണമെന്ന നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) അനേകവർഷങ്ങളായി സർവ്വീസിൽ താൽക്കാലികമായി തുടരുന്നവരെകൂടി സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 19-9-1990-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 1775 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(സി-ഡി) വിധിവന്ന അവസരത്തിൽ സർവ്വീസിൽ ഉള്ളവരും പക്ഷേ കോടതി വിധിയുടെ പരിധിയിൽ വരാത്തവരുമായ താൽക്കാലിക ജീവനക്കാർ കെ.ഡബ്ല്യു.എ.യിൽ ഇല്ല.

(ഇ) 19-9-1990-ൽ സുപ്രീംകോടതിവിധിയുടെ പരിധിയിൽ വരുന്നവരും എന്നാൽ 19-9-1990-ൽ ഒരു വർഷം പൂർത്തിയാകാത്തവരും നിശ്ചിത യോഗ്യതയുള്ളവരുമായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly